# കല

ഇസ്‌ലാമിനു രണ്ടു മുഖങ്ങളുണ്ട്- ഒന്ന്, ഗാംഭീര്യ(ജലാലിയ്യഃ)ത്തിന്റേതും മറ്റേത് സൗന്ദര്യ(ജമാലിയ്യഃ)ത്തിന്റേതും എന്ന് ചരിത്രകാരന്മാർ നിരീക്ഷിക്കാറുണ്ട്. നീതിക്കുവേണ്ടി മർദിതരുടെ പക്ഷം ചേർന്ന് ഇസ്‌ലാം നടത്തുന്ന പോരാട്ടങ്ങളെയാണ് ജലാലിയ്യതിന്റെ മുഖമായി വ്യവഹരിക്കുന്നത്. ആത്മാവിഷ്കാരത്തിന് ഇസ്‌ലാം അവലംബിക്കുന്ന കലാസാഹിത്യ പ്രവർത്തനങ്ങൾ അതിന്റെ സൗന്ദര്യത്തി(ജമാലിയ്യഃ)ന്റെ ഭാഗമാണ്. "അല്ലാഹു സുന്ദരനാണ്; അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു" എന്ന പ്രവാചക വചനം കലയോടുള്ള ഇസ്‌ലാമിന്റെ സമീപനം വ്യക്തമാക്കുന്നു. ഇസ്‌ലാമിക നാഗരികത ജന്മം നല്കിയ കല ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾ ഉദാഹരിക്കുന്നവയാണ്. ഏകത്വം എന്ന ഇസ്‌ലാമിന്റെ അടിസ്ഥാന ദർശനം ഇസ്‌ലാമിക കലയെയും ചൂഴ്ന്നു നില്ക്കുന്നു. പ്രതിമാ നിർമാണത്തെ ഇസ്‌ലാം തീർത്തും നിരാകരിച്ചതും ഈ വിശ്വാസത്തിന്റെ ഭാഗമായാണ്. എഴുത്ത്, ചിത്രം, വാസ്തുശില്പം, മൊസയ്ക്ക്, പാത്രനിർമാണം, നെയ്ത്ത് എന്നീ ഇസ്‌ലാമിക കലാരൂപങ്ങളിൽ അമൂർത്തമായ ഏകത്വ സങ്കല്പങ്ങൾ സൂക്ഷ്മമായി ആവിഷ്കരിക്കപ്പെട്ടു.

ഇസ്‌ലാമിന്റെ ആവിർഭാവത്തിനുമുമ്പ് അറബികൾക്കു പറയത്തക്ക കലാപാരമ്പര്യമൊന്നും അവകാശപ്പെടാനുണ്ടായിരുന്നില്ല. വ്യാപാരികളും നാടോടികളുമായിരുന്ന അറബികളെ കുടിപ്പാർപ്പുറപ്പിച്ച നാഗരികത(**Settled**)യായി പരിവർത്തിപ്പിച്ചത് ഇസ്‌ലാമാണ്. മാത്രമല്ല ബൈസാന്തിയം, ഈജിപ്ത്, സിറിയ, മെസൊപ്പൊട്ടേമിയ, പേർഷ്യ, ഇന്ത്യ, ചൈന, മധ്യേഷ്യ എന്നിവിടങ്ങളുമായി ഇസ്‌ലാം സ്ഥാപിച്ച സമ്പർക്കം അറബികൾക്ക് ഒട്ടേറെ പുതിയ കാര്യങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഈ സമ്പർക്കം ഇസ്‌ലാമിനു സ്വന്തമായ ഒരു വാസ്തു വിദ്യാപാരമ്പര്യവും പാത്ര-കരകൗശല സമ്പ്രദായവും വികസിപ്പിച്ചെടുക്കാൻ സഹായകമായി.

കലിഗ്രഫി, അറബെസ്ഖ് എന്നിവ ഇസ്‌ലാമിക കലയിലെ പ്രധാന ഇനങ്ങളായി വേറിട്ടു നില്ക്കുന്നു. പ്രതിമാ നിർമാണം നിരോധിക്കപ്പെട്ടപ്പോൾ ശില്പികളുടെ കലാവിരുത് അക്ഷരങ്ങൾകൊണ്ട് ചിത്രമെഴുതുന്നതിലേക്ക് തിരിഞ്ഞതിന്റെ ഫലമാവണം അറബി കലിഗ്രഫി സമാനതകളില്ലാത്തവിധം സമ്പന്നത കൈവരിച്ചത്.

സുന്ദരനായ ദൈവത്തിന്റെ ഭവനങ്ങളും സുന്ദരങ്ങളായിരിക്കണമെന്ന മുസ്‌ലിം ഭാവന പള്ളികളുടെ നിർമാണത്തെ സ്വാധീനിച്ചതിന്റെ ഫലമാണ് മനോഹരങ്ങളായ സൗധങ്ങളായി പള്ളികൾ നിർമിക്കപ്പെട്ടതെന്നു പറഞ്ഞ ചരിത്രകാരന്മാരുണ്ട്. മുസ്‌ലിംലോകത്തു സഞ്ചരിച്ച കുരിശു പടയാളികൾ മുസ്‌ലിം കെട്ടിടങ്ങളുടെ തലയെടുപ്പും സൗന്ദര്യവും കണ്ട് അമ്പരന്നു. പിന്നീട് സ്വദേശങ്ങളിൽ അതേ വാസ്തു മാതൃക പിന്തുടർന്നു കെട്ടിടങ്ങളുണ്ടാക്കി. അങ്ങനെയാണ് യൂറോപ്പിൽ ആദ്യമായി നല്ല സൗധങ്ങൾ ഉയർന്നുവന്നതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സൈനിക കോട്ടകളുടെ നിർമിതിയിലും കുരിശുപടയാളികൾ തങ്ങളുടെ ശത്രുക്കളിൽനിന്ന് വളരെയധികം പഠിച്ചു. വിൽഡ്യൂറന്റ് ഇതെക്കുറിച്ചെഴുതുന്നു: **"The Crusaders found excellent military architecture at Aleppo, Baalbek, and elsewhere in the Islamic East, learned there the uses of mechicolated walls, and took from their foes many an idea for their own incomparable castles and forts''(ch. xii, p. 271).**

കൊട്ടാരങ്ങളിലും സമ്പന്നരുടെ പാർപ്പിടങ്ങളിലും മാത്രമല്ല, നഗരങ്ങളിലും കലാഭംഗിയോടെ ഉദ്യാനങ്ങൾ വളർത്തുന്നതിൽ മുസ്‌ലിംകൾ ശ്രദ്ധിച്ചു. അരുവികളും ജലധാരകളും പക്ഷികളും മത്സ്യക്കുളങ്ങളുമുള്ള വിശാലമായ പൂന്തോപ്പുകളായിരുന്നു ഇവ. സൂര്യാഘാതമേല്ക്കാതെ തുറന്ന അന്തരീക്ഷത്തിൽ വിശ്രമിക്കാനുള്ള പവലിയനുകളും ഈ തോട്ടത്തിലുണ്ടായിരുന്നു. ഖുർആനിലും ഹദീഥിലുമുള്ള സ്വർഗ വർണനകൾ മനസ്സിൽ വെച്ചാണ് ഉദ്യാനങ്ങൾ സംവിധാനിച്ചിരുന്നത്. പഴങ്ങൾ, അരുവികൾ, തണലുകൾ, വിശ്രമസ്ഥാനങ്ങൾ, പക്ഷികൾ എന്നിവ ഉദ്യാനങ്ങളിൽ ഉറപ്പുവരുത്തിയതിൽനിന്നും ഇതു മനസ്സിലാക്കാം. പേർഷ്യക്കാർ പൂക്കൾക്ക് വലിയ പ്രാധാന്യം കല്പിച്ചിരുന്നു; പ്രത്യേകിച്ചും പനിനീർ പൂക്കൾക്ക്. ഒരു പേർഷ്യൻ സുൽത്വാന് ഏറ്റവും സന്തോഷമുണ്ടാക്കുന്ന സമ്മാനം 100 ദലങ്ങളുള്ള ഒരു റോസാപുഷ്പം ആയിരുന്നുവത്രെ.

സമാധാനവും സുരക്ഷിതത്വവും സ്വകാര്യതയുമായിരുന്നു ഇസ്‌ലാമിക നാഗരികതയിലെ സാധാരണക്കാരുടെ വീടുകളുടെ മുഖമുദ്ര. നടുമുറ്റം, നടുമുറ്റത്തൊരു മരം, ജലസംഭരണി ഇവ നല്ല വീടുകളുടെ പൊതു ഘടകങ്ങളായിരുന്നു. ചുട്ട മൺകട്ടകൾകൊണ്ട് ചതുരാകൃതിയിലാണ് സാധാരണ വീടുകൾ പണിതിരുന്നത്. ഇരുനില വീടുകളും അവർ പണിതിരുന്നു. മധ്യഭാഗത്ത് ഗോപുരവും ചുറ്റും മുറ്റത്തിനഭിമുഖമായി മട്ടുപ്പാവുമുള്ള വീടുകളും അക്കാലത്ത് പണിതിരുന്നു. പകൽ ചൂടില്ലാതെ വെളിച്ചം അകത്തു കടക്കാനുള്ള പ്രത്യേക ജനൽ സംവിധാനവും മിക്ക വീടുകൾക്കുമുണ്ടായിരുന്നു. പ്രകാശ ക്രമീകരണത്തിനുള്ള സാങ്കേതിക സംവിധാനം ഇസ്‌ലാമിക വാസ്തുശില്പത്തിന്റെ പ്രത്യേകത കൂടിയാണ്.

സാമർറായിലും ബഗ്ദാദിലുമാണ് ഏറ്റവും മുന്തിയ തരം പാത്രങ്ങൾ നിർമിച്ചിരുന്നത്. കവികൾ ഈ പാത്രങ്ങളെ വാഴ്ത്തിപ്പാടി. ലാവണ്യമൂറുന്ന പേർഷ്യൻ പാത്രങ്ങളെ ഉമർ ഖയ്യാം തന്റെ ദാർശനിക കവിതകളിൽ പ്രതീകാത്മക ബിംബങ്ങളായി സ്വീകരിച്ചിട്ടുണ്ട്.

ഇസ്‌ലാമിക മിനിയേച്ചർ ചിത്രങ്ങൾ ലോകചരിത്രത്തിലെ ഏറ്റവും സുന്ദരങ്ങളായ ചിത്രങ്ങളായി നിലകൊള്ളുന്നു. അവയ്ക്കു തുല്യമായ മറ്റു ചിത്രങ്ങളില്ലെന്നാണ് നിരൂപകമതം. ബൈസാന്തിയൻ, സാസ്സാനിയൻ, ചൈനീസ് ചിത്രകലകളുടെ വിസ്മയജനകമായ മിശ്രണം ഈ ചിത്രകലാ രൂപങ്ങളിൽ കാണാനാവും. ഒരു പൂവ് അല്ലെങ്കിൽ ഒരു ജ്യാമിതീയ രൂപം ഇതായിരുന്നു ഈ മിനിയേച്ചറുകളുടെ കേന്ദ്ര വിഷയം. കലാകാരന്മാരുടെ വിരൽതുമ്പിൽ ഇതിന്റെ നൂറുകണക്കിന് ചിത്രഭേദങ്ങൾ പിറവികൊണ്ടു. ഓരോന്നും ഒന്നിനൊന്ന് ആകർഷകവും മനോഹരവുമായിരുന്നു. പുസ്തകങ്ങളുടെ പുറം ചട്ടകളും ഉൾത്താളുകളുടെ മാർജിനുകളും ഈ ചിത്രങ്ങൾകൊണ്ടലംകൃതമായി. വരകളുടെ സൂക്ഷ്മമായ വിന്യാസവും വർണങ്ങളുടെ അയത്ന ലളിതവും ലയഭംഗിയുറ്റതുമായ പ്രവാഹവും അമൂർത്ത സൗന്ദര്യത്തിന്റെ അനായാസകരമായ പരിപൂർത്തിയും ഈ ചിത്രങ്ങളെ കാലാതിവർത്തിയാക്കുന്നു.